## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T1709** 18.06.2012 -ൽ മറുപടിയ്ക്ക്

### ചിട്ടി നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ചിട്ടി നിയമങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | 1982 ലെ ചിറ്റ് ഫണ്ട്സ് ആക്ട് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 30.4.2012 ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുവരെ കേരള ചിട്ടീസ് ആക്ട് 1975 ആണ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നത്. |
| (ബി) | കേരളത്തിൽ നിയമ പ്രകാരം അംഗീകാരം ഉള്ള ചിട്ടികൾ ഏതൊക്കെയാണെന്ന് പേര് സഹിതം വ്യക്തമാക്കുമോ ; | (ബി) | ചിട്ടികൾക്ക് അംഗീകാരം കൊടുക്കുന്നതിനുള്ള വ്യവസ്ഥ കേരള ചിട്ടീസ് ആക്ടിൽ ഇല്ല. ആയതിനാൽ കേരളത്തിൽ നിയമപ്രകാരം അംഗീകാരമുള്ള ചിട്ടികളുടെ വിവരം ലഭ്യമല്ല. |
| (സി) | നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്ന ചിട്ടികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ? | (സി) | നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ